## മധുരമായ കുട്ടികളേ–ബാബ മനുഷ്യനിൽ നിന്നും ദേവതയാക്കുന്നതിന് വന്നിരിക്കുകയാണ് അതിനാൽ ഹൃദയം കൊണ്ട് ബാബയോട് നന്ദി പറയണം. ശ്രീമതത്തിലൂടെ നടക്കണം. ഒരു ബാബയുടെ കൂടെ സത്യമായ പ്രീതി വയ്ക്കണം.

**ചോദ്യം:–** ഏത് കുട്ടികൾക്കാണോ ബാബയോട് പ്രീതി ഉള്ളത് അവരുടെ അടയാളം എന്തായിരിക്കും?
**ഉത്തരം:–** ബാബയോട് സത്യമായ പ്രീതി ഉണ്ടെങ്കിൽ ബാബയെ മാത്രം ഓർമ്മിക്കണം, ബാബയുടെ നിർദേശത്തിലൂടെ നടക്കണം, മനസ്സാ വാചാ കർമ്മണാ ആർക്കും ദുഃഖം കൊടുക്കരുത്. ആരെ പ്രതിയും വെറുപ്പ് വെക്കില്ല. തന്റെ സത്യം സത്യമായ കണക്ക് ബാബക്ക് കൊടുക്കും. കുസംഘത്തിൽ നിന്നും സ്വയത്തെ സംരക്ഷിക്കും.

**ഗീതം:–** ധൈര്യമായിരിക്കൂ മനസ്സേ.....

**ഓം ശാന്തി**. ബ്രാഹ്മണർക്ക് തീർച്ചയായും ധൈര്യം ഉണ്ടായിരിക്കും എന്തുകൊണ്ടെന്നാൽ ബ്രാഹ്മണർക്ക് പരംപിതാ പരമാത്മാവിനോടാണ് പ്രീതി ഉള്ളത് – നമ്പർവാർ പുരുഷാർത്ഥം അനുസരിച്ച്. എല്ലാവരുടേയും പ്രീതി ഒരു പോലെയല്ല. ഏതുപോലെയെന്നാൽ ബാബയും മമ്മയും കുട്ടികളും തന്റെ തന്റെ അനുഭവം കേൾപ്പിക്കുകയാണ്. ഞാൻ ആത്മാവാണ് എന്ന് പറയുന്നു. ഞാൻ ആത്മാവ് പറയുകയാണ് ഞാൻ പരംപിതാ പരമാത്മാവിനെ വളരെ ഓർമ്മിക്കുന്നുണ്ട് എന്തുകൊണ്ടെന്നാൽ അറിയുന്നുണ്ട് അരകല്പം ഞങ്ങൾ രാവണന്റെ രാജ്യത്തിൽ വളരെ ദുഖം കണ്ടിട്ടുണ്ട്. ആദ്യം മുതൽ ദുഖം തന്നെയാണ് എന്നുമല്ല, ഇല്ല. രാവണ രാജ്യത്തിൽ പതുക്കെ പതുക്കെ ദുഖം ഉണ്ടാകുന്നു. കലകൾ കുറഞ്ഞു കൊണ്ടിരുന്നു. ആത്മാവായ ഞാൻ പരംപിതാ പരമാത്മാവിനോട് പറയുകയാണ് ആദ്യം നിങ്ങൾ അവ്യഭിചാരി ഭക്തിയിലായിരുന്നു കേവലം എന്നെയാണ് ഓർമ്മിച്ചിരുന്നത്. പിന്നെ വ്യഭിചാരി രജോഗുണി ഭക്തിയിലേക്ക് വന്നു. ഇപ്പോഴാണെങ്കിൽ തമോഗുണി ഭക്തിയാണ്, ആരെ കാണുന്നോ അവരെ പൂജിക്കുകയാണ്, ഇതിനെയാണ് ഭൂത പൂജ എന്ന് പറയുന്നത് എന്തുകൊണ്ടെന്നാൽ ശരീരം പഞ്ച തത്ത്വങ്ങൾ കൊണ്ട് നിർമ്മിക്കപ്പെട്ടതാണ്. ഇത് ഈ സ്വാമിയാണ് എന്ന് പോലും ശരീരത്തെ നോക്കിയാണ് പറയുന്നത്. അവരുടെ കാലുകളിൽ വീഴുന്നുണ്ട്. ഇതാണ് തമോപ്രധാനമായ ഭക്തി. ഇതുപോലെ നമ്മൾ ആത്മാക്കൾ പരമപിതാ പരമാത്മാവിൽ നിന്നും സമ്പത്ത് നൽകാൻ വന്നിരിക്കുകയാണ്. എത്ര കഴിയുമോ ബാബയെ ഓർമ്മിക്കൂ. ബാബയെ നിരന്തരം ഓർമ്മിക്കൂ. ദേഹിഅഭിമാനി ഭവ, ആത്മാഭിമാനി ഭവ എന്ന് സദാ ബാബ പറയുന്നു. ഇടയ്ക്കിടയ്ക്ക് നന്ദി പറയുകയാണ് ബാബ അങ്ങ് എന്നെ ഇരുട്ടിൽനിന്ന് മാറ്റി. എന്റെ പ്രീതി ബാബയുടെ കൂടെയാണ്. മറ്റെല്ലാവരുടേയും വിനാശ കാലത്ത് വിപരീത ബുദ്ധിയാണ്, അവർക്ക് പൂർണ്ണമായും സമ്പത്ത് എടുക്കാൻ കഴിയില്ല. ലൈകിക അച്ഛന് കുട്ടികളോട് സ്നേഹമുണ്ടാകും. അച്ഛന്റെ നിർദേശത്തിനനുസരിച്ച് നടക്കുന്നതിലൂടെ പ്രീതിപ്പെടും. നിർദേശത്തിലൂടെ നടക്കുന്നില്ലെങ്കിൽ പ്രീതിപ്പെടില്ല. അതിനാൽ പരിധിയില്ലാത്ത ബാബ പറയുന്നു എന്നെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം ഭസ്മമാകും. എന്റെതായിട്ടുണ്ടെങ്കിൽ ഒരു പാപ കർമ്മവും ചെയ്യരുത്. ശ്രീമതത്തിലൂടെ നടക്കണം. നിങ്ങൾക്ക് പൂജ്യനിൽ നിന്നും പൂജാരി ആക്കുന്നതിനാൽ ബാബയോട് എത്ര നന്ദി പറയണം. ബാബയുടെ നിർദേശത്തിലൂടെ നടക്കുകയാണെങ്കിൽ ജന്മജന്മാന്തരങ്ങളിലെ പദവി ഭ്രഷ്ടമാകും. അഴുക്ക് പിടിച്ച ശരീരത്തെ ഭ്രഷ്ടം എന്ന് പറയും. എന്നാൽ അവിടെ കുറഞ്ഞ പദവി ആണെങ്കിൽ ഭ്രഷ്ട പദവി എന്നാണ് പറയുക. നല്ല രീതിയിൽ പ്രീതി വെക്കൂ ഏതുപോലെയാണോ സ്ത്രീ പതിയെ ഓർമ്മിക്കുന്നത് അതുപോലെ എന്നെയും ഓർമ്മിക്കണം. എന്റെ ശ്രീമത്തിലൂടെ നടക്കൂ, മനസ്സാ വാചാ കർമ്മണാ ദുഖം കൊടുക്കരുത്. മനസ്സിൽ ആരോടും വെറുപ്പ് വെക്കരുത്. ഓരോ ആത്മാവും തന്റെ പാർട്ട് അഭിനയിക്കുകയാണ്.

നിങ്ങൾക്ക് അറിയാം ഇപ്പോഴുള്ള ഈ ജന്മം ഭാവിയിലെ ജന്മത്തെക്കാൾ ഉയർന്നതാണ്. ഇവിടെ നമ്മൾ ഈശ്വരീയ അവകാശികളായി മാറി, സത്യയുഗത്തിൽ ദൈവീക അവകാശികളാകും. ഇവിടെയുള്ള മഹിമ കൂടുതലാണ്. ജഗദംബയിൽ നിന്നും 21 ജന്മത്തേക്കുള്ള സമ്പത്ത് ലഭിക്കുന്നു, ലക്ഷ്മി ദേവിയിൽ നിന്നും ഇത് ലഭിക്കുന്നില്ല. ഇത് പുതിയവർക്ക് മനസ്സിലാക്കി കൊടുക്കണം, ധാരാളം പേർ വരുന്നുണ്ട് പക്ഷെ നിശ്ചയം ഇല്ലാത്തതിനാൽ അവർക്ക് നിലനിൽക്കാൻ കഴിഞ്ഞില്ല. ബാബയുടേയും മമ്മയുടേയും കുട്ടികളുടേയും മിത്ര സംബന്ധികളും ജോലിക്കാരും ധാരാളം വരുന്നുണ്ട്, അപ്പോൾ അവരെ വരാൻ അനുവദിക്കാറുണ്ട്. ഇവിടെ വന്ന് അമ്പ് തറക്കുകയാണെങ്കിൽ പാവങ്ങളുടെ നന്മ ഉണ്ടാകട്ടെ. ഇവർ

ഈശ്വരീയ കുലത്തിലേതാണോ അതോ ആസുരീയ കുലത്തിലേതാണോ അത് പെട്ടെന്ന് തന്നെ മനസ്സിലാക്കാൻ കഴിയും. ബായോട് അവർക്ക് പ്രീതി ഉണ്ടാകുന്നുണ്ടോ ഇല്ലയോ ഇത് അറിയാം. ഇവിടെ ധാരാളം ർേ വരുന്നുണ്ട്. നല്ലവരാകുന്നുണ്ട്, പിന്നെ പുറത്ത് പോയി കുസംഘത്തിൽ അഥവാ മായയുടെ സംഘത്തിലേക്ക് പോയി വികാരി ആകുന്നുണ്ട്. എഴുതുന്നുമുണ്ട് ഞങ്ങൾ തോറ്റു എന്ന്. നിങ്ങൾ പറയുന്നില്ലെങ്കിൽ അത് അഭിവൃദ്ധഇ പ്രാപിക്കും. നിങ്ങളുടേത് ഇപ്പോൾ ബാബയുടെ കൂടെയുള്ള കൂട്ടായിതിനാൽ പ്രീത ബുദ്ധിയാണ്. നമ്പർവാർ ബുദ്ധിയനുസരിച്ച് പ്രീത ബുദ്ധിയാണ്. ശിവബാബ കുട്ടികൾക്ക് മനസ്സിലാക്കി തരുകയാണ് ഒരിക്കലും ഒരു വികർമ്മവും ചെയ്യരുത്. ശ്രീമത്തിലൂടെ നടക്കണം, ബാബയുടേതായിട്ടുണ്ടെങ്കിൽ നിങ്ങളുടെ പെരുമാറ്റം അതുപോലെ ആയിരിക്കണം. ബാബയെ പൂർണ്ണമായും മനസ്സിലാക്കണം. ബാബ മുക്തി ജീവന്മുക്തി വിശ്വത്തിന്റെ ചക്രവർത്തി പദവി നൽകുന്നു അതോടൊപ്പം കുട്ടികളുടെ കൈയിൽ എന്താണോ ഉള്ളത് അതിനെക്കുറിച്ച് അറിയില്ല, ബാബക്ക് പൂർണ്ണമായ കണക്ക് കൊടുക്കണം, എനിക്ക് കണക്ക് നൽകുന്നതിലൂടെ ഒരു ബുദ്ധിമുട്ടും ഉണ്ടാകില്ല. മനുഷ്യരാണെങ്കിൽ ധനം തന്റെ കാര്യങ്ങൾക്ക് ഉപയോഗിക്കാറുണ്ട് എന്നാൽ ഞആൻ നിരാകാരനാണ്. നിങ്ങളുടെ കാര്യത്തിനാണ് ധനം ഉപയോഗിക്കുന്നത്. ഏതുപോലെയാണോ ഗാന്ധിജി രാഷ്ട്രത്തിനു വേണ്ടി ഉപയോഗിച്ചത് അതുകൊണ്ട്  അദ്ദേഹത്തിന്റെ പേര് പ്രസിദ്ധമായി. തീർച്ചയായും ഗാന്ധിജി കോൺഗ്രസ്സിന്റെ രാജ്യം സ്ഥാപിച്ചു ഇല്ലെങ്കിൽ ഇത് രാജാക്കൻമാരുടെ രാജ്യമാകുമായിരുന്നു. ഇപ്പോൾ ബാബ വീണ്ടും പുതിയ രാജധാനി, രാമരാജ്യം സ്ഥാപന ചെയ്യുകയാണ്. ഈ കാര്യം എല്ലാ കുട്ടികളുടേയും ബുദ്ധിയിൽ ഇരിക്കുന്നില്ല. അഥവാ ഇരിക്കുകയാണെങഅകിൽ സന്തോഷത്തിന്റെ അളവ് വർദ്ധിക്കണം. ബാബയോടൊപ്പം യോഗം വെക്കൂ. ബാബ പറയുന്നു പരംധാമത്തിൽ ഇരിക്കുന്ന ബാബയെ അവിടെ ഓർമ്മിക്കൂ, നിങ്ങൾക്ക് അങ്ങോട്ട് പോകണം, ഇപ്പോൾ ഡ്രാമ പൂർത്തിയാവുകയാണ്. ഡ്രാമയെ ആർക്കും അറിയില്ല. ആർക്കും എന്റെ കൂടെ പ്രീതി വെക്കാനും അറിയില്ല. പറയുന്നു പരമ്പരയായി ഗംഗാ സ്നാനം ചെയ്യാൻ പോകുന്നുണ്ട്. ഇതാണോ സത്യയുഗത്തിലും ചെയ്തിരുന്നത്? പരമ്പരയുടെ അർത്ഥത്തെ മനസ്സിലാക്കുന്നില്ല. ഇപ്പോൾ നിങ്ങളുടെ സുഖത്തിന്റെ ദിനം വരാൻ പോവുകയാണ്. നിങ്ങളുടെ ബുദ്ധിയിൽ ക്ഷമയുണ്ട്. ചിലരാണെങ്കിൽ ഒന്നും മനസ്സിലാക്കുന്നില്ല. ഇവിടെ നിന്ന് മനസ്സിലാക്കി പുറത്ത് പോയാൽ അതെല്ലാം മായ വിഴുന്നു. ഏതുപോലെയാണോ ഈച്ച മരിച്ചാൽ ഉറുമ്പുകൾ അതിനെ കഴിക്കാറുണ്ട്, മായ ശക്തിശാലിയാണ്, ചെറുതല്ല, വളരെ യുദ്ധം നടക്കാറുണ്ട്. ഇവിടെയിരുന്ന് ക്ലാസ്സിന് വരുന്നില്ലെങ്കിൽ മനസ്സിലാക്കാം ഇവർ സ്വർഗ്ഗത്തിന്റെ അധികാരി ആയി മാറുന്നില്ല. കൃഷ്ണപുരിയിലേക്ക് പോകാൻ കഴിയില്ല. ഒരു മൂല്യവും ഉണ്ടാകുന്നില്ല. നിങ്ങൾ വജ്ര തുല്യമായി മാറുമ്പോഴാണ് നിങ്ങൾക്ക് വില ഉണ്ടാവുക. നിങ്ങൾ മൂല്യം ഉള്ളവരായി മാറുകയാണ്. ഒരു വീട്ടിൽ ഒരു ഹംസവും ഒരു കൊറ്റിയും ഉണ്ടെങ്കിൽ യുദ്ധം നടക്കും. ഇവിടെയാണെങ്കിൽ കൊറ്റികളിൽ നിന്നും മാറി നിൽക്കുകയാണ്. അപവിത്രമായവരുടെ കൈകളിൽ നിന്നും കഴിക്കരുത്. പക്ഷെ കുട്ടികൾക്ക് ബാബയോട് സ്നേഹമില്ല അതുകൊണ്ടാണ് ചിന്തിക്കുന്നത് ഞാൻ എവിടെ നിന്ന്ന വയറ് നിറക്കും. കാടുകളിലുള്ളവർ എവിടെ നിന്നുള്ളതാണ് കഴിക്കുന്നത്. ഇന്നത്തെ കാലത്ത് കാവി വസ്ത്രം ധരിച്ചാൽ എളുപിപത്തിൽ പണം കിട്ടും, എല്ലാവരും കാലിൽ വീഴും. ആരെല്ലാം വരുന്നോ മൂർത്തിക്കു മുന്നിൽ പൈസ വെച്ചു പോകും, ഈ ലോകം ഇങ്ങനെയാണ്. കുട്ടികൾക്ക് ചിന്ത വേണം ഈ ലോകം ഇല്ലാതായി വേഗം സ്വർഗ്ഗത്തിലേക്ക് പോകണം, പക്ഷെ യോഗ്യത ഉള്ളവരാകണം. പദവി പ്രാപ്തമാക്കണമല്ലോ. അവിടെയും പദവി വ്യത്യസ്തമാണ്. പഠിപ്പിക്കുന്നത് ഒരാളാണ്. ചിലർ രാജാവാകും, ചിലർ രാജ്ഞിയാകും, ചിലർ സേവകനാകും, ചിലർ ധനവാനായ പ്രജയാണ്, രാജധാനിയുടെ സ്ഥാപന നടക്കുകയാണ് അതോടൊപ്പം ധർമ്മ സ്ഥാപകർ രാജധാനിയുടെ സ്ഥാപനയൊന്നുമല്ല ചെയ്യുന്നത് അതിനാൽ ബാബ പറയുന്നു ജാഗ്രതയോടെ കഴിയൂ, വിനാശകാലത്ത് പ്രീത ബുദ്ധി ഉള്ളവരാകണം. എത്രത്തോളം പ്രീതി ഉണ്ടോ അത്രത്തോളം ബാബയിൽ നിന്നും സമ്പത്തെടുക്കാം. ഓർമ്മിക്കാനും പഠിപ്പിക്കുകയാണ്. ബാബ പറയുകയാണ് ബാബയേയും ചക്രത്തേയും ഓർമ്മിക്കണം. സ്വദർശന ചക്രത്തെ കറക്കണം. നമ്മൾ ലൈറ്റ് ഹൗസാണ്, തോണിക്കാരൻ നമ്മുടെ തോണിയെ അക്കരെ കൊണ്ടു പോവുകയാണ്. ഒരു കണ്ണിൽ ശാന്തിധാമവും ഒരു കണ്ണിൽ സുഖധാമം ഉണ്ടായിരിക്കും. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഓരോ പാർട്ട്ധാരിയുടേയും പാർട്ടിനെ കണ്ടു കൊണ്ട് ആരോടും വെറുപ്പ് വെറുക്കരുത്.

മനസ്സാ-വാചാ-കർമ്മണാ ആർക്കും ദുഃഖം കൊടുക്കരുത്.

2) ബാബക്ക് തന്റെ പൂർണ്ണമായ കണക്ക് കൊടുക്കണം. വിനാശ കാലത്ത് പൂർണ്ണമായും പ്രീത ബുദ്ധി ഉള്ളവരാകണം. ശ്രീമതത്തിലൂടെ തന്റെ പെരുമാറ്റത്തെ ശ്രേഷ്ഠമാക്കണം. കുസംഘത്തിൽ നിന്നും സ്വയത്തെ രക്ഷിക്കണം.

## വരദാനം:- സൂക്ഷ്മ പാപങ്ങളിൽ നിന്ന് മുക്തമായി സമ്പൂർണ്ണ സ്ഥിതിയെ പ്രാപ്തമാക്കുന്ന സിദ്ധി സ്വരൂപരായി ഭവിക്കൂ

പല കുട്ടികളും വർത്തമാന സമയം കർമ്മങ്ങളുടെ ഗഹ്യ ഗതിയുടെ ജ്ഞാനത്തിൽ വളരെ ലളിതരായിരക്കുന്നു അതുകൊണ്ട് ചെറിയ-ചെറിയ പാപങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. കർമ്മ ഫിലോസഫിയുടെ സിദ്ധാന്തമാണ് - അഥവാ താങ്കൾ ആരുടെയെങ്കിലും ഗ്ലാനി ചെയ്യുകയാണെങ്കിൽ, ആരുടെയെങ്കിലും തെറ്റ് (കുറവ്) പരത്തുന്നു അല്ലെങ്കിൽ ആരോടൊപ്പമെങ്കിലും ചേർന്ന് ശരിയാണ് ശരിയാണ് എന്ന് പറയുന്നു എങ്കിൽ ഇതും പാപത്തിന്റെ ഭാഗമായി മാറുന്നു. ഇന്ന് താങ്കൾ ആരുടെയെങ്കിലും ഗ്ലാനി ചെയ്യുന്നു എങ്കിൽ നാളെ അവർ താങ്കളുടെ രണ്ടിരട്ടി ഗ്ലാനി ചെയ്യും. ഈ ചെറിയ-ചെറിയ പാപങ്ങൾ സമ്പൂർണ്ണ സ്ഥിതിയെ പ്രാപ്തമാക്കുന്നതിൽ വിഘ്ന രൂപമാകുന്നു അതുകൊണ്ട് കർമ്മങ്ങളുടെ ഗതിയെ അറിഞ്ഞ് പാപങ്ങളിൽ നിന്നും മുക്തമായി സിദ്ധി സ്വരൂപരാകൂ.

## സ്ലോഗൻ:- ആദി പിതാവിന് സമാനമാകുന്നതിന് വേണ്ടി ശക്തിയുടെയും, ശാന്തിയുടെയും, സർവ്വഗുണങ്ങളുടെയും സ്തംഭമാകൂ.

**മാതേശ്വരിജിയുടെ അമൂല്യ മഹാവാക്യം**

**"നിരാകാരീ ലോകം അർത്ഥം ആത്മാക്കളുടെ നിവാസ സ്ഥാനം"**

എപ്പോൾ നമ്മൾ നിരാകാരീ ലോകമെന്ന് പറയുന്നോ അപ്പോൾ നിരാകാരത്തിന്റെ അർത്ഥം ആകാരമില്ല എന്നല്ല, എന്നാൽ തീർച്ചയായും ഒരു ലോകമുണ്ട്, അതിന് സ്ഥൂല സൃഷ്ടിക്ക് സമാനമായ ആകാരമില്ല, ഏതുപോലെയാണോ പരമാത്മാവ് നിരാകാരൻ എന്നാൽ പരമാത്മാവിന് തന്റെ സൂക്ഷ്മ രൂപം അവശ്യമുണ്ട്. നമ്മൾ ആത്മാവിന്റെയും പരമാത്മാവിന്റെയും ഗൃഹം നിരാകാരി ലോകമാണ്. അതുകൊണ്ട് എപ്പോൾ നമ്മൾ ലോകം എന്ന വാക്ക് പറയുന്നോ, അതിലൂടെ വ്യക്തമാകുന്നത് അങ്ങനെയൊരു ലോകമുണ്ട് അവിടെ ആരോ വസിക്കുന്നുമുണ്ട് അതുകൊണ്ടാണ് ലോകമെന്ന പേര് വന്നത്. ഇപ്പോൾ ലോകത്തിലെ ആളുകൾ മനസ്സിലാക്കുന്നത് പരമാത്മാവിന്റെ രൂപവും അഖണ്ഢ ജ്യോതി തത്വമാണ് എന്നാണ്, എന്നാൽ അത് പരമാത്മാവിന്റെ നിവാസ സ്ഥാനമാണ്, അതിനെയാണ് റിട്ടയേർഡ് ഹോം എന്ന് പറയുന്നത്. അതുകൊണ്ട് നമുക്ക് പരമാത്മാവിന്റെ വീടിനെ പരമാത്മാവെന്ന് പറയാൻ സാധിക്കില്ല. ഇപ്പോൾ രണ്ടാമതായുള്ളത് ആകാരീ ലോകമാണ്, അവിടെയാണ് ബ്രഹ്മാ, വിഷ്ണു, ശങ്കരൻ എന്നീ ദേവതകൾ ആകാരീ രൂപത്തിൽ വസിക്കുന്നത് അതുപോലെ ഇതാണ് സാകാരീ ലോകം, ഇതിന് രണ്ട് ഭാഗങ്ങളുണ്ട്- ഒന്നാണ് നിർവ്വികാരീ സ്വർഗ്ഗലോകം അവിടെ അരകൽപം സദാ പവിത്രയും സുഖവും ശാന്തിയുമുണ്ട്. രണ്ടാമതായുള്ളതാണ് വികാരീ കലിയുഗീ ദുഃഖത്തിന്റെയും അശാന്തിയുടെയും ലോകം. ഇപ്പോൾ ഈ രണ്ട് ലോകങ്ങളെന്ന് എന്തുകൊണ്ടാണ് പറയുന്നത്? എന്തുകൊണ്ടെന്നാൽ ഇവിടെ മനുഷ്യർ പറയുന്നത് സ്വർഗ്ഗവും നരകവും രണ്ടും പരമാത്മാവ് രചിച്ച ലോകങ്ങളാണ്, ഇതിൽ പരമാത്മാവിന്റെ മഹാവാക്യങ്ങളാണ് കുട്ടികളേ, ഞാൻ ദുഃഖത്തിന്റെ ലോകം രചിച്ചിട്ടില്ല, ഞാൻ രചിച്ച ലോകം സുഖത്തിന്റേതാണ്. ഇപ്പോഴുള്ള ഈ ദുഃഖത്തിന്റെയും അശാന്തിയുടെയും ലോകം, അത് മനുഷ്യാത്മാക്കൾ സ്വയം സ്വയത്തെയും പരമാത്മാവായ എന്നെയും മറന്നത് കാരണമാണ് ഈ കണക്ക് അനുഭവിച്ചു കൊണ്ടിരിക്കുന്നത്. അല്ലാതെ ഇങ്ങനെയല്ല എപ്പോഴാണോ സുഖത്തിന്റെയും പുണ്യത്തിന്റെയും ലോകമുള്ളത് അപ്പോൾ അവിടെ സൃഷ്ടി നടക്കുന്നില്ല. തീർച്ചയായും നടക്കുന്നുണ്ട്, എപ്പോഴാണോ നമ്മൾ പറയുന്നത് അവിടെ ദേവതകളുടെ നിവാസസ്ഥാനമായിരുന്നു, അപ്പോൾ തീർച്ചയായും അവിടെ പ്രവൃത്തീ മാർഗ്ഗം നടന്നിരുന്നു എന്നാൽ വികാരീ ജന്മം നൽകൽ ഉണ്ടായിരുന്നില്ല, ആ കാരണത്താൽ ഒരു കർമ്മബന്ധനവും ഉണ്ടായിരുന്നില്ല. ആ ലോകത്തെ കർമ്മബന്ധന രഹിത സ്വർഗ്ഗ ലോകമെന്ന് പറയുന്നു. അപ്പോൾ ഒന്നാണ് നിരാകാരീ ലോകം, രണ്ടാമതാണ് ആകാരീ ലോകം, മൂന്നാമതാണ് സാകാരീ ലോകം.

## "ഭഗവാൻ വരുന്നതിന്റെ അനാദിയായി രചിക്കപ്പെട്ട പ്രോഗ്രം"

മനുഷ്യർ എന്താണോ പാടുന്നത് അല്ലയോ ഗീതയുടെ ഭഗവാനേ അങ്ങയുടെ വാഗ്ദാനം നിറവേറ്റുന്നതിന് വേണ്ടി വരൂ. ഇപ്പോൾ ആ ഗീതയുടെ ഭഗവാൻ തന്റെ കൽപം മുൻപത്തെ വാഗ്ദാനം നിറവേറ്റുന്നതിനായി വന്നിരിക്കുന്നു എന്നിട്ട് പറയുകയാണ് അല്ലയോ കുട്ടികളേ, എപ്പോഴാണോ ഭാരതത്തിൽ അതി ധർമ്മഗ്ലാനി ഉണ്ടാകുന്നത് അപ്പോൾ ഞാൻ ഇതേ സമയം എന്റെ വാഗ്ദാനം നിറവേറ്റുന്നതിനായി അവശ്യം വരുന്നു, ഇപ്പോൾ എന്റെ ഈ വരവിന്റെ അർത്ഥം ഇതല്ല ഞാൻ യുഗ-യുഗം വരുന്നു. എല്ലാ യുഗങ്ങളിലും ധർമ്മ ഗ്ലാനി ഉണ്ടാകുന്നില്ല, ധർമ്മ ഗ്ലാനി ഉണ്ടാകുന്നത് കലിയുഗത്തിലാണ്, അതുകൊണ്ട് മനസ്സിലാക്കൂ പരമാത്മാവ് കലിയുഗത്തിന്റെ സമയത്താണ് വരുന്നത്. കലിയുഗം പിന്നീട് കൽപ-കൽപമാണ് വരുന്നതെങ്കിൽ തീർച്ചയായും പരമാത്മാവും കൽപ-കൽപമാണ് വരുന്നത്. കൽപത്തിലുള്ളത് 4 യുഗങ്ങളാണ്, അതിനെ തന്നെയാണ് കൽപമെന്ന് പറയുന്നത് അരകൽപം സത്യ ത്രേതായുഗത്തിൽ സതോഗുണം സതോപ്രധാനമാണ്, അവിടെ പരമാത്മാവിന് വരേണ്ടതിന്റെ യാതൊരു ആവശ്യകതയുമില്ല. ദ്വാപരയുഗം മുതൽ പിന്നീട് മറ്റ് ധർമ്മങ്ങളുടെ ആരംഭമാണ്, ആ സമയവും അതി ധർമ്മ ഗ്ലാനിയില്ല, ഇതിൽ നിന്ന് വ്യക്തമാകുന്നത് പരമാത്മാവ് മൂന്ന് യുഗങ്ങളിൽ വരുന്നതേയില്ല എന്നാണ്, അവശേഷിക്കുന്നത് കലിയുഗമാണ്, അതിന്റെ അന്തിമത്തിലാണ് അതി ധർമ്മ ഗ്ലാനി ഉണ്ടാകുന്നത്. ആ സമയത്ത് പരമാത്മാവ് വന്ന് അധർമ്മത്തിന്റെ വിനാശം ചെയ്ത് സത്യ ധർമ്മത്തിന്റെ സ്ഥാപന ചെയ്യുന്നു. അഥവാ ദ്വാപരത്തിലാണ് വരുന്നതെങ്കിൽ ദ്വാപരത്തിന് ശേഷം പിന്നീട് സത്യയുഗമുണ്ടാകണം പിന്നീട് എന്തുകൊണ്ടാണ് കലിയുഗം? ഇങ്ങനെ പറയില്ലല്ലോ പരമാത്മാവ് ഘോര കലിയുഗത്തിന്റെ സ്ഥാപന ചെയ്തു, ഇപ്പോൾ ഈ കാര്യം സംഭവിക്കുക സാധ്യമല്ല അതുകൊണ്ടാണ് പരമാത്മാവ് പറയുന്നത് ഞാൻ ഒന്നാണ് ഒരേഒരു പ്രാവശ്യം വന്ന് അധർമ്മത്തിന്റെ വിനാശം ചെയ്ത് കലിയുഗത്തിന്റെ വിനാശം ചെയ്ത് സത്യയുഗത്തിന്റെ സ്ഥാപന ചെയ്യുന്നു അതുകൊണ്ട് ഞാൻ വരുന്ന സമയം സംഗമയുഗമാണ്. ശരി - ഓം ശാന്തി.